**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷകളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **null<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഓട്ടോറിക്ഷകൾ വില കുറച്ച് തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുവാൻ സംസ്ഥാന ഗതാഗത വകുപ്പ് പദ്ധതി തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഓട്ടോറിക്ഷകൾ വില കുറച്ച് തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുന്ന പദ്ധതികൾ ഗതാഗത വകുപ്പിൽ നിലവിലില്ല. |
| (ബി) | ഇതിലേക്കായി ഏതെങ്കിലും തരത്തിലുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഇ-വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാനായി ഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | 10.03.2019-ലെ G.O.(Ms.)24/2019/Trans പ്രകാരം, സംസ്ഥാന സർക്കാർ ഇലക്ട്രിക് വാഹന നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും 15 വർഷം കഴിഞ്ഞ ഡീസൽ ഓട്ടോറിക്ഷകളുടെ ഉപയോഗം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2020 - ലെ ഫിനാൻസ് ആക്ട് പ്രകാരം, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക് മോട്ടോർ സൈക്കിൾ / സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ / ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. G.O.(P)No.21/2020/Trans dated 22/04/2020 പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. G.O.(P)No.12/2021/Trans dated 23/02/2021 പ്രകാരം 01/04/2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ, അവയുടെ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ തീയതി മുതൽ, ആദ്യത്തെ 5 വർഷത്തേക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 18.10.2018 - ലെ SO 5333(E) ഉത്തരവ് പ്രകാരം ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 02/08/2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 - ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ, 01/06/2021 മുതൽ, CNG/LNG/Electrical Energy എന്നിവയിലേതിലേക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളുവെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും അതിൻപ്രകാരം 292A എന്ന പുതിയ ചട്ടം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് G.O.(Rt.) No.473/2019/Trans dtd.15.10.2019 പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം, കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ ഇലക്ട്രിക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. |
| (ഡി) | ഇലക്ട്രിക് വാഹനങ്ങൾക്ക് സംസ്ഥാനത്തെ മോട്ടോർ വാഹന നിയമങ്ങളിലും നികുതി നിയമങ്ങളിലും ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ഡി) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുന്നുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2020 - ലെ ഫിനാൻസ് ആക്ട് പ്രകാരം സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക് മോട്ടോർ സൈക്കിൾ / സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ |

| | | | |
|---|---|---|---|
| | | | റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ / ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. G.O(P)No.21/2020/Trans dated 22/04/2020 പ്രകാരം, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. G.O(P)No.12/2021/Trans dated 23/02/2021 നമ്പർ ഉത്തരവ് പ്രകാരം, 01/04/2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated: 18/10/2018 പ്രകാരം ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 02/08/2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ, 01/06/2021 മുതൽ, CNG/LNG/Electrical Energy എന്നിവയിലേതിലേക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും അതിൻ പ്രകാരം 292A എന്ന പുതിയ ചട്ടം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ